Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ&ബി) 6-3-2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.) നമ്പർ 58/2017/ ഐ.റ്റി.ഡി. പ്രകാരം 1000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ പൊതുഇടങ്ങളിൽ സ്ഥാപിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ജനത്തിരക്കുള്ള ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ഗ്രന്ഥശാലകൾ, സർക്കാർ സ്ഥാപനങ്ങൾ മുതലായായ സ്ഥലങ്ങളിലാണ് വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലയിലെയും ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുന്നത് അതാത് ജില്ലാ കളക്ടർമാരാണ്.

(സി) നിലവിൽ ജില്ലാ വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തിയും തെരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടറും ഇന്റർനെറ്റ് സംവിധാനവും ലഭ്യമാക്കുന്നുണ്ടെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം എല്ലാ ഗ്രന്ഥശാലകൾക്കും എത്തിക്കുവാൻ കഴിയുന്നില്ല.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

153 (2388) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ കുട്ടികൾ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് ഒരു വിവരശേഖരണം നടത്താൻ കഴിയുമോ ;

(സി) ജീവനക്കാരുടെ കുട്ടികളെ സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിപ്പിക്കുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങളിൽ ഈ അദ്ധ്യാപകർ പ്രവർത്തിക്കുകയും ചെയ്യുന്നത് ഉചിതമാണോ ; ഈ പ്രവണത നിരുത്സാഹപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(സി) അല്ല. ഭൗതിക-അക്കാദമിക നിലവാരം മെച്ചപ്പെടുത്തിക്കൊണ്ട് പൊതുവിദ്യാലയങ്ങളിലേയ്ക്ക് എല്ലാ വിഭാഗം കുട്ടികളെയും ആകർഷിക്കുവാനുള്ള പരിശ്രമം നടത്തിവരുന്നു.